പത്രക്കുറിപ്പ്

# മൊബൈൽ ഫോൺ മോഷണം: പ്രതി പിടിയിൽ

## കോവിഡ്-19 സുരക്ഷാ പരിശോധന

## വിലക്ക് ലംഘനം: 327 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- വിഴിഞ്ഞത്ത് കോഴിക്കടയിലെ ജീവനക്കാരനായ അന്യസംസ്ഥാന തൊഴിലാളിയുടെ മൊബൈൽ ഫോൺ മോഷ്ടിച്ചെടുത്തയാളെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വെങ്ങാനൂർ പിറവിളാകം കൈതവിളാകത്ത് വീട്ടിൽ ജഗൻ എന്ന് വിളിക്കുന്ന അഖിരാജ് (20)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത അഖിരാജ് @ ജഗൻ (20)

കഴിഞ്ഞ 9-ാം തീയതിയാണ് മോഷണം നടന്നത്. വൈകുന്നേരം 6.00 മണിയോടുകൂടി വിഴിഞ്ഞം മുക്കോല ബൈപ്പാസ് റോഡിലുള്ള ബി.എസ് ചിക്കൻ കടയിൽ കോഴി വാങ്ങാനെന്ന വ്യാജേന എത്തിയ പ്രതി, കോഴി ആവശ്യപ്പെടുകയും, അവിടുത്തെ ജീവനക്കാരനായ ആസാം സ്വദേശി കോഴി എടുക്കാൻ പോയ സമയം കടയിലെ മേശപ്പുറത്ത് സൂക്ഷിച്ചിരുന്ന വിലപിടിപ്പുള്ള മൊബൈൽ ഫോൺ മോഷ്ടിച്ചെടുത്ത് കടന്നുകളയുകയായിരുന്നു. തുടർന്ന്

ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ കടയിലെ സി.സി.ടി.വി ദൃശ്യം പരിശോധിച്ച് വിഴിഞ്ഞം പോലീസ് നടത്തിയ അന്വേഷണത്തിലാണ് പ്രതിയെ ഇന്നലെ വിഴിഞ്ഞം കരയടിവിള ഭാഗത്ത് നിന്നും പിടികൂടിയത്. വിഴിഞ്ഞം എസ്.എച്ച്.ഒ രമേഷ്, എസ്.ഐ-മാരായ രാജേഷ്, അലോഷ്യസ്, ദിപിൻ സി.പി.ഒ-മാരായ അജികുമാർ, സജൻ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണം നടത്തി പ്രതിയെ അറസ്റ്റ് ചെയ്തത്. വിഴിഞ്ഞം പോലീസ് സ്റ്റേഷനിലെ റൗഡി ലിസ്റ്റിൽ ഉൾപ്പെട്ടിട്ട ഇയാൾക്കെതിരെ മൂന്ന് മോഷണക്കേസ്സുകൾ ഉൾപ്പെടെ നിരവധി ക്രിമിനൽ കേസ്സുകൾ നിലവിലുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## കോവിഡ്-19 സുരക്ഷാ പരിശോധന
## വിലക്ക് ലംഘനം: 327 പേർക്കെതിരെ നിയമനടപടി

തിരുവനന്തപുരം:- ഇന്നലെ (15-06-2021) നാലു മണി വരെ തിരുവനന്തപുരം നഗരത്തിൽ പോലീസ് നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 327 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 58 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 154 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 5 പേരിൽ നിന്നുമായി 79,500/- രൂപ പിഴ ഈടാക്കി. കൂടാതെ അനാവശ്യ യാത്ര നടത്തിയ 110 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു. ശരിയായ രീതിയിൽ സുരക്ഷാ മുൻകരുതൽ എടുക്കാത്ത 133 പേർക്ക് താക്കീത് നൽകി വിട്ടയച്ചിട്ടുള്ളതുമാണ്.

# അറിയിപ്പ്

ഈ ഫോട്ടോയിൽ കാണുന്ന 48 വയസ്സ് പ്രായമുള്ള ലക്ഷ്മണ അമ്മ എന്ന് പേരുള്ള സ്ത്രീ കഴിഞ്ഞ മൂന്ന് വർഷമായി പേരൂർക്കട മാനസികരോഗ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞ് വരവെ കൊറോണ ബാധിതയായി 27-05-2021-ാം തീയതി തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിച്ച്, ചികിത്സയിൽ തുടരവെ 08-06-2021-ാം തീയതി രാവിലെ 10.00 മണിക്ക് മരണപ്പെട്ട് പോയിട്ടുള്ളതാണ്. മൃതശരീരം തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ച് വരുന്നു. ഇവരെപ്പറ്റി എന്തെങ്കിലും വിവരം ലഭിക്കുന്നവർ പേരൂർക്കട പോലീസ് സ്റ്റേഷനുമായി ബന്ധപ്പെടുക



(ഫോൺ നമ്പർ – 0471-2433243, 9645823151)

തിരുവനന്തപുരം സിറ്റി
15-06-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി